# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4322 — 17.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ബാലനയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കൃഷ്ണൻ :<br>" എം.രാജഗോപാലൻ<br>" വി അബ്ദുറഹിമാൻ<br>" ഒ. ആർ. കേളു | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനം 2016-ൽ അംഗീകരിച്ച ബാലനയത്തിന്റെ മുഖ്യ അടിസ്ഥാന തത്വങ്ങൾ എന്തെല്ലാമാണ് ; | (എ) (1) സുദൃഢമായ നിലനിൽപ്പ്, ആരോഗ്യം, അടിസ്ഥാനാവശ്യങ്ങൾ<br>(2) പീഡനം, അവഗണന, ചൂഷണം എന്നിവയിൽ നിന്നുള്ള സംരക്ഷണം.<br>(3) കുട്ടികളുടെ പൂർണ്ണമായ വികാസം<br>(4) തീരുമാനങ്ങളെടുക്കുന്നതിൽ പങ്കാളിത്തം |
| (ബി) സാർവത്രിക പ്രതിരോധ മരുന്നുപ യോഗത്തിൽ ഇന്ത്യയിൽ ഏറ്റവും പുറകിൽ നിൽക്കുന്ന 48 ജില്ലകളിൽ രണ്ടെണ്ണം (മലപ്പുറം, കാസർഗോഡ്) കേരളത്തിലാണെന്നതു പരിഗണിച്ച് കുട്ടികൾക്ക് വൈകല്യമോ രോഗമോ ഇല്ലാതെ ജീവിക്കാനുള്ള അവകാശം സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ ; | (ബി) കുട്ടികളിൽ രോഗങ്ങൾ തടയുന്നതിനായി പ്രതിരോധ കുത്തിവെയ്പുകൾ (10 രോഗങ്ങൾക്കെതിരെയുള്ള) യു.ഐ.പി.യുടെ ഭാഗമായി നടപ്പാക്കി വരുന്നു. ഇത് സാർവത്രികമായി സൗജന്യമായി സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ മുഖാന്തിരം നിശ്ചിത ദിവസങ്ങളിൽ നൽകി വരുന്നു. ഇതു കൂടാതെ അംഗനവാടികൾ മുഖാന്തിരവും വാർഡ് തലത്തിലും കുത്തിവെയ്പ് നടത്തിവരുന്നു.<br>കുട്ടികളിൽ ജന്മനായുള്ള വൈകല്യങ്ങൾക്ക് കാരണമായേക്കാവുന്ന റുബെല്ലാ പോലെയുള്ള രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള കുത്തിവെയ്പുകളും കാലാകാലങ്ങളായി മാറ്റങ്ങൾ ഉൾക്കൊണ്ട് യു.ഐ.പി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈകല്യങ്ങൾ ഗർഭാവസ്ഥയിൽ കണ്ടെത്തുന്നതിനും 18-19 ആഴ്ചയിൽ anomaly scan നടത്തിവരുന്നു. കൂടാതെ ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമായി ജന്മനായുള്ള വൈകല്യങ്ങൾ ജനനസമയത്ത് കണ്ടെത്താൻ സ്ക്രീനിംഗ് |

ആരംഭിച്ചിട്ടുണ്ട്.

പ്രതിരോധ കുത്തിവെയ്പ്പ് എല്ലാ കുട്ടികൾക്കും നൽകുന്നതിനായി മിഷൻ ഇന്ദ്രധനുഷ് എന്ന പദ്ധതിയും തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പാക്കി വരുന്നു.

(സി) സംസ്ഥാനത്തെ 50 ശതമാനത്തോളം കുട്ടികൾ വിളർച്ച ബാധിച്ചവരും 21 ശതമാനം ഭാരക്കുറവുള്ളവരുമായതു പരിഹരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 6-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അയണും ഫോളിക് ആസിഡും ഉള്ള ഗുളിക എല്ലാ തിങ്കളാഴ്ചയും (ആഴ്ചയിൽ ഒരിക്കൽ) നൽകി വരുന്നു. സർക്കാർ എയ്ഡഡ് സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.

മാത്രമല്ല 6 മാസം മുതൽ 60 മാസം വരെ പ്രായമുള്ള കുട്ടികൾക്ക് അയൺ സിറപ്പ് നൽകുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കുട്ടികളിലെ പോഷകാഹാര ക്കുറവ് മൂലമുണ്ടാകുന്ന വിളർച്ചയ്ക്ക് കാരണമായ വിരബാധ ഇല്ലാതാക്കുന്നതിനുവേണ്ടി വർഷത്തിൽ രണ്ടുപ്രാവശ്യം (ഫെബ്രുവരി 10 നും ആഗസ്റ്റ് 10 നും) ദേശീയ വിരവിമുക്ത ദിനങ്ങളിൽ 1 വയസ്സുമുതൽ 19 വയസ്സ് വരെയുള്ള കുട്കൾക്ക് വിരനശീകരണത്തിനായുള്ള ആൽബന്റസോൾ ഗുളിക നൽകുന്ന പദ്ധതിയും 2016 ആഗസ്റ്റ് മുതൽ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ